# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## ടൂറിനിലെ തിരുക്കച്ച, ഒരു യഹൂദ ശാസ്ത്രജ്ഞന്റെ വിലയിരുത്തൽ



ടൂറിൻ: ബാരി ഷ്വോർട്സ് ഇമേജ് ക്രിയേഷനെക്കുറിച്ചുള്ള സകല ശാസ്ത്രവും മനഃപാഠമാക്കിയ ഒരു യഹൂദ ഗവേഷകനായിരുന്നു. യഹൂദവിശ്വാസം പോലും പ്രാക്ടീസ് ചെയ്യാതിരുന്ന നിരീശ്വരവാദിയായ ഒരു ശാസ്ത്രജ്ഞൻ.1978 ൽ ടൂറിനിലെ തിരുക്കച്ചയെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സംഘത്തിൽ അംഗമാകുന്നതിനുള്ള ക്ഷണം ലഭിച്ചതിലൂടെ അദ്ദേഹത്തിന്റെ ജീവിതം മാറിമറിയുകയായിരുന്നു. ആദ്യം ഈ ക്ഷണം അദ്ദേഹം നിരസിച്ചു. കാരണം കെട്ടിച്ചമച്ച ഏതോ കഥ. അതുമല്ലെങ്കിൽ ഫോട്ടോ വർക്കിന്റെ കുടിലത. ഇതൊന്നുമല്ലെങ്കിൽ ഒരു സാധാരണ ചിത്രം എന്നൊക്കെയായിരുന്നു പഠനവിഷയമാക്കാനിരിക്കുന്ന കച്ചയെക്കുറിച്ചുള്ള ഷോർട്സിന്റെ വിലയിരുത്തലുകൾ.

എന്നാൽ സുഹൃത്തായി ഒരു ശാസ്ത്രജ്ഞന്റെ വാക്കുകൾ അദ്ദേഹത്തെ നിർബന്ധിച്ചു. ഞങ്ങളുടെ ടീമിൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിൽ നിന്നൊരാൾ ഉൺ്ടാവുന്നത് ദൈവത്തിന് ഇഷ്ടമാണെന്ന് നീ കരുതണം. മറ്റൊരു നാസ ഇമേജിംഗ് സ്പെഷ്യലിസ്റ്റും കത്തോലിക്കനുമായ സുഹൃത്തിന്റെ വാക്കുകൾ നിർവാഹമില്ലാതെ അനുസരിക്കുകയായിരുന്നു ഷ്വോർട്സ്.

വർഷങ്ങൾ കഴിയുമ്പോൾ തികഞ്ഞ ദൈവവിശ്വാസിയായി മാറിയിരിക്കുന്ന ഷ്വോർട്സ്. കാരണം മറ്റൊന്നുമല്ല. ശാസ്ത്രത്തിന് വിശദ്ദീകരിക്കാനാവാത്ത എന്തോ ഒന്ന് ടൂറിനിലെ തിരുക്കച്ചയിൽ ഉൺെ്ടന്ന തികച്ചും വ്യക്തമായ ബോധ്യം തന്നെ കാരണം. ശാസ്ത്രത്തിന് മനസ്സിലാക്കാൻ പറ്റാത്ത എന്തോ ഇവിടെ ഉൺ്ട് എന്ന ശാസ്ത്രീയമായ അറിവുതന്നെയാണ് എന്നെ അത്ഭുതപ്പെടുത്തിയത്. യുക്തിയും വിശ്വാസവും ഇഴചേരുന്ന ഒരു പരിണാമം ഈ യഹൂദ ഗവേഷകന്റെ മനസ്സിൽ ഉരുത്തിരിയുകയായിരുന്നു.

ഈശോയുടെ പീഡാനുഭവവുമായി ബന്ധപ്പെട്ട ഏറ്റവും പ്രസിദ്ധവും പ്രധാനവുമായ ഒരു തിരുശേഷിപ്പാണ് ടൂറിനിലെ കിരുക്കച്ച. ഈശോയുടെ മരണത്തിനുശേഷം അവിടുത്തെ ശരീരം പൊതിയുവാനുപയോഗിച്ച കച്ചയാണിതെന്ന വാദം ശാസ്ത്രീയമായ അനേക ഗവേഷണങ്ങൾക്കുശേഷവും തകർക്കപ്പെടാതെ നിൽക്കുകയാണ്.

വസ്ത്രത്തിൽ പതിഞ്ഞിരിക്കുന്ന പതിനാലടി നീളമുള്ള ഈ ഇമേജ് മൂന്നരയടി വീതിയുള്ളതാണ്.

മരണശേഷം ആരുടെയോ ശരീരം പൊതിഞ്ഞതാണെന്ന് ഒറ്റനോട്ടത്തിൽ തന്നെ വ്യക്തം, കൂടാതെ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടതും കുരിശിൽ തറയ്ക്കപ്പെട്ടതുമായ ഒരു വ്യക്തിയുടെ ശരീരത്തിന്റെ ഇമേജാണ് പതിഞ്ഞിരിക്കുന്നത് എന്ന വസ്തുതയുടെ ശാസ്ത്ര ഗവേഷണത്തിന്റെയൊന്നും സഹായം കൂടാതെ നഗ്നനേത്രങ്ങൾക്ക് മനസിലാക്കാവുന്നതേ ഉള്ളൂ. എന്നാൽ ശാസ്ത്രഗവേഷണങ്ങൾ നടത്തപ്പെട്ടത് ഇത് ഏതുകരം ഇമേജ് ആണെന്നുള്ളതിനെക്കുറിച്ചാണ് ഫോട്ടോ, എക്സേ റേ, ചിത്രരചന, എന്തെങ്കിലും വിരളമായ മഷികൊൺ◌ുള്ള ചിത്രം തുടങ്ങി ലോകത്തിൽ ലഭ്യമായ സകല ഇമേജുകളേയും ഇക്കാര്യത്തിൽ പഠനവിധേയമാക്കി. കാരണം ആരെങ്കിലും വരച്ചാക്കിയതോ, ഫോട്ടോയെടുത്തതോ, മനുഷ്യസൃഷ്ടിയോ ആണോ ഇതെന്ന് വ്യക്തമാകണമല്ലോ.

ബാരി ഷ്വോർട്സ് തന്നെ ഏൽപ്പിച്ച മോഖലയിൽ അത്ഭുതത്തിനുള്ളിലെ ഒരു അത്ഭുതം കൺ◌ു. നെഗറ്റീവുകളും പോസിറ്റീവുകളും എടുത്ത് എക്സ് റേ വിശകലനം ചെയ്യുന്നതുപോലെ പ്രകാശത്തിന് നേരെ പിടിച്ച് പഠനങ്ങൾ നടത്തിയപ്പോൾ ഈ ലോകത്തുള്ള യാതൊരു ഇമേജിനുമില്ലാത്തൊരു വ്യത്യാസം ടൂറിനിലെ തിരുക്കച്ചയ്ക്കുൺ◌െന്ന് അദ്ദേഹം കൺ◌െത്തി. നൂറുകണക്കിന് ഫോട്ടോഗ്രാഫ് അപ്രകാരം ചെയ്തപ്പോഴും അവ്യക്തമായ വളവും, തിരിവുമുള്ള ഇമേജുകളാണുൺ◌ാവുന്നതെങ്കിൽ, ടൂറിനിലെ തിരുക്കച്ചയിലെ ഇമേജ് മാത്രം 3 ഡിയിലുള്ള ഒരു വ്യക്തമായ മനുഷ്യരൂപം കാണിച്ചു. ശരീരത്തിൽ നിന്ന് നേരിട്ട് ഒരു ഇമേജ് രൂപപ്പെട്ടാൽ മാത്രമേ ഇത്തരമൊരു പ്രതിഭാസം കാണാനാവുകയുള്ളൂ. ഇമേജ് ക്രിയേഷനുമായി ബന്ധപ്പെട്ട ശാസ്ത്രം ഇത്രയേറെ വളർന്നുവെങ്കിലും ഇത്തരമൊരു സൃഷ്ടി നടത്താൻ ഇന്നുവരെ കഴിഞ്ഞിട്ടില്ലെന്നും ഈ ശാസ്ത്രജ്ഞൻ വിലയിരുത്തുന്നു. അത് എത്ര ആഴമായ പഠനത്തിന് വിധേയമാക്കിയിട്ടും രഹസ്യാത്മകത ചോർന്നുപോകാത്ത, ശാസ്ത്രത്തിന് പിടിതരാത്ത ഒരു പ്രതിഭാസമായി അവശേഷിക്കുന്നുവെന്ന് ബാരി ഷ്വോർട്സ് പറയുന്നു. അത് പ്രൊജക്ട് ചെയ്യാനാകുന്നില്ല. അതുകൊൺ◌് അതൊരു ഫോട്ടോഗ്രാഫ് അല്ല. ഫോട്ടോഗ്രാഫുകൾക്കോ, ആർട് വർക്കിനോ ഇല്ലാത്ത എന്തോ ഒരു സ്വഭാവം ടൂറിനിലെ കച്ചയിൽ പതിഞ്ഞ ഇമേജിനുൺ◌െന്നാണ് എന്റെ ശാസ്ത്രീയമായ കൺത്തെൽ. ഞാൻ പഠിച്ച ശാസ്ത്രത്തിന് ഈ ഇമേജിനെ വ്യാഖ്യാനിക്കാനാകുമെന്ന് തോന്നുന്നില്ല. ബാരി ഷ്വോർട്സ് തന്റെ ഗവേഷണഫലം പുറത്തുവിടുന്നതിങ്ങനെ. ഒരു മനുഷ്യശരീരവും മറ്റെന്തെങ്കിലും വസ്തുവും തമ്മിലുള്ള കോൺടാക്ട് മൂലം രൂപപ്പെടുന്ന ഒരു ഇമേജ് ആണിത് എന്നതിൽ കവിഞ്ഞ് യാതൊരു വിശദീകരണവും നൽകാൻ ശാസ്ത്രത്തിന് കഴിയുമെന്നെനിക്ക് തോന്നുന്നില്ല.

ശാസ്ത്രം ഇത്രയേറെ പുരോഗമിച്ച നാളുകളിൽപോലും അത്തരമൊരു പ്രതിഭാസത്തെ വ്യാഖ്യാനിക്കാനാകുന്നില്ല എന്നതും സമാനസ്വഭാവമുള്ള മറ്റൊരു ഇമേജ് സൃഷ്ടിക്കാനാകുന്നില്ല എന്നതും ആധുനികലോകത്തിൽ അത്ഭുതം ജനിപ്പിക്കുന്ന വസ്തുതയായി അവശേഷിക്കുകയാണ്. ബാരി ഷ്വോർട്സ് ഈ പഠനങ്ങളെ ക്രോഡീകരിച്ച് ഒരു വെബ്സൈറ്റ് തന്നെ ആരംഭിച്ചിരിക്കുന്നു.www.shroud.com

മധ്യകാലയുഗത്തിൽ ആരോ വരച്ച ചിത്രമാണിതെന്ന് വിശ്വസിക്കുന്ന പലർക്കും ശാസ്ത്രഗവേഷണങ്ങളെ വെല്ലുവിളി സൃഷ്ടിക്കുകയാണ്. ക്രിസ്തീയ വിശ്വാസം സ്വീകരിക്കാൻ മാത്രം വലിയ അത്ഭുതമായി ഇത് തനിക്കനുഭവപ്പെട്ടില്ല എന്ന് ഇന്നും യഹൂദനായി ജീവിക്കുന്ന ബാരി ഷ്വോർട്സ് എന്ന ശാസ്ത്രജ്ഞൻ പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിലെ ആത്മാർത്ഥതയും നമുക്ക് മനസ്സിലാകും. ഒരു ആവേശത്തിന്റെ പുറത്ത് പറയുന്ന വാക്കുകളല്ല അത്. പീഡകളേറ്റ് മരിച്ച യേശുവിന്റെ ശരീരത്തിന്റെ ഇമേജാണ് ഇത്. അത് ഉത്ഥാനത്തിന്റെ തെളിവുകൾ നൽകുന്നില്ല.

യഹൂദവിശ്വാസത്തിൽ ഉറച്ചുനിൽക്കാൻ ആഗ്രഹിക്കുന്ന ഒരു ശാസ്ത്രജ്ഞന്റെ വാക്കുകൾ യേശു പീഡസഹിച്ച് മരിച്ചുവെന്നും ഇതൊരു തിരുശേഷിപ്പാണെന്നും എനിക്ക് മനസിലാക്കാം. എന്നാൽ ഉത്ഥാനം ഇന്നും എനിക്കൊരു രഹസ്യമാണ്. ക്രിസ്ത്യാനികൾക്ക് അതു വിശ്വസിക്കാം. ശാസ്ത്രം എനിക്കത് പറഞ്ഞുതരുന്നില്ല. ദൈവത്തിന്റെ അനന്തജ്ഞാനത്തിൽ ഞാനൊരു യഹൂദനായി ജനിക്കുവാൻ ഇടയായി. അവിടെ തുടരുന്നതാണ് ദൈവഹിതമെന്ന് ഞാൻ കരുതുന്നു.